SOCIETY TODAY - 06-06-2025

# സുസ്ഥിര മൽസ്യ കൃഷി: ധാരണാപത്രത്തിൽ ഒപ്പുവച്ച് സിഫ്റ്റ്



**കൊച്ചി:** സുസ്ഥിര മൽസ്യ കൃഷി ലക്ഷ്യമിട്ട് കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് കൊൽക്കത്തയിൽ നിന്നുള്ള സംരംഭകരായ വരാലിക മനക്സിയ, ആദിത്യ ബി. മനക്സിയ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചു. 'വിത്തിന്റെ പ്രതിരോധ വർദ്ധനക്കും സമ്മർദ്ദ അതിജീവനത്തിനും മത്സ്യ മാലിന്യത്തിൽ നിന്ന് കാർഷികപോഷക രൂപീകരണം' എന്ന പേരിലുള്ള നൂതന സാങ്കേതികവിദ്യയാണ് ലോക പരിസ്ഥിതി ദിനത്തിൽ സിഫ്റ്റ് കൈമാറിയത്.മത്സ്യ മാലിന്യങ്ങളുടെ ഉപയോഗത്തിലൂടെ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സിഫ്റ്റ് നടത്തുന്ന തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായാണ് ധാരണാപത്രം ഒപ്പുവച്ചത്. യുവ സംരംഭകയായ വരാലിക മനക്സിയ സ്ഥാപനത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ഇൻകുബേറ്ററാണ്. സംരംഭകനായ തന്റെ പിതാവ് ആദിത്യ ബി. മനക്സിയയുടെ പിന്തുണയോടെയാണ് അവർ ഈ സാങ്കേതികവിദ്യ സ്വീകരിച്ചത്.മത്സ്യ ഉപോൽപ്പന്നങ്ങളുടെ ഉൽപ്പാദനപരമായ പുനരുപയോഗത്തിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധതയാണ് ധാരണാപത്രം പ്രതിനിധീകരിക്കുന്നതെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ പറഞ്ഞു. ധാരണാപത്രത്തിന്റെ ഭാഗമായി, കാർഷികപോഷക ഫോർമുലേഷൻ തയ്യാറാക്കുന്നതിനുള്ള പൂർണ്ണമായ സാങ്കേതിക മാർഗ്ഗനിർദ്ദേശവും വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടും സിഫ്റ്റ് നൽകും.